മലയാള മനോരമ
ESTABLISHED 1888

29 December 2016

# കാലാവസ്ഥാ വ്യതിയാനം: മൽസ്യമേഖലയ്ക്കായി സാർക്ക് കർമസേന വേണമെന്നു റിപ്പോർട്ട്

## • സിഎംഎഫ്ആർഐയുടെ റിപ്പോർട്ട് സാർക്ക് സമിതിക്കു കൈമാറി

**സ്വന്തം ലേഖകൻ**

കൊച്ചി • മൽസ്യമേഖലയിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾ കുറയ്ക്കുന്നതിനുള്ള പദ്ധതികൾക്കായി ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ കൂട്ടായ്മയായ സാർക്കിന്റെ നേതൃത്വത്തിൽ കർമസേന രൂപീകരിക്കണമെന്ന് കേന്ദ്ര സമുദ്ര മൽസ്യഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ആവശ്യപ്പെട്ടു. കാലാവസ്ഥാ വ്യതിയാന പഠനത്തിന് സാർക്ക് രാജ്യങ്ങളുടെ സംയുക്ത ശ്രമം വേണമെന്നും കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് ഇന്ത്യയിലെ മൽസ്യമേഖലയിൽ സംഭവിച്ച പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള കൺട്രി സ്റ്റാറ്റസ് റിപ്പോർട്ടിൽ നിർദേശമുണ്ട്.

കടലിൽ കൂടുമൽസ്യ കൃഷി വ്യാപിപ്പിക്കാനും തീരമൽസ്യകൃഷി ജനകീയമാക്കുന്നതിന് പ്രത്യേക ശേഷിയുള്ള മൽസ്യയിനങ്ങളെ കണ്ടെത്തുന്നതിനും കഴിയണമെന്നു റിപ്പോർട്ട് നിർദേശിക്കുന്നു. സാർക്ക് സമിതിക്കു സിഎംഎഫ്ആർഐ റിപ്പോർട്ട് കൈമാറി. കാലാവസ്ഥാ വ്യതിയാനം അംഗ രാജ്യങ്ങളിലെ കാർഷിക മേഖലയെ എങ്ങനെ ബാധിച്ചുവെന്നു വിലയിരുത്തുന്നതിന്റെയും പരിഹാര നടപടികൾ സ്വീകരിക്കുന്നതിന്റെയും ഭാഗമായാണു സാർക്ക് അഗ്രികൾച്ചർ സെന്റർ (സാക്) റിപ്പോർട്ട് തേടിയത്.

കാലാവസ്ഥാ വ്യതിയാനം കാരണം സമുദ്ര ആവാസ വ്യവസ്ഥ, മൽസ്യസമ്പത്ത്, മൽസ്യബന്ധനം, മൽസ്യകൃഷി, വിപണനം, വ്യാപാരം എന്നീ മേഖലയിൽ സംഭവിച്ച മാറ്റങ്ങളെക്കുറിച്ചു സിഎംഎഫ്ആർഐയുടെ റിപ്പോർട്ടിൽ സമഗ്ര പരാമർശമുണ്ട്. മൽസ്യത്തൊഴിലാളി സമൂഹത്തിൽ വന്ന മാറ്റവും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശ്രീലങ്ക ഒഴികെയുള്ള സാർക്ക് അംഗരാജ്യങ്ങളിലെ പ്രതിനിധികൾ പങ്കെടുത്ത വിഡിയോ കോൺഫറൻസിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾ കുറയ്ക്കുന്നതിനു ഭാവിയിൽ സ്വീകരിക്കേണ്ട നടപടികളും ചർച്ചചെയ്തു. സാർക്ക് രാജ്യങ്ങളിൽ നടപ്പിലാക്കേണ്ട 19 ശുപാർശകൾക്ക് അംഗീകാരം നൽകി.

രാജ്യത്തെ സമുദ്ര-ഉൾനാടൻ മൽസ്യമേഖലയെ പ്രതിനിധീകരിച്ചു സിഎംഎഫ്ആർഐ ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ റിപ്പോർട്ട് അവതരിപ്പിച്ചു. സാർക്ക് അഗ്രികൾച്ചർ സെന്റർ (സാക്) ഡയറക്ടർ ഡോ. എസ്. എം. ബൊക്തിയാർ, സാർക് സീനിയർ പ്രോഗ്രാം സെപഷ്യലിസ്റ്റ് ഡോ. എസ്.എസ്. ഗിരിതുടങ്ങിയവർ പങ്കെടുത്തു.

### സാർക്ക് രാജ്യങ്ങളിൽ നടപ്പാക്കേണ്ട മറ്റു ശുപാർശകൾ



- ഹരിതഗൃഹ വാതകങ്ങൾ (ഗ്രീൻഹൗസ് ഗ്യാസസ്) പുറത്തുവിടുന്നതു കുറയ്ക്കുന്നതിനു ബോധവൽക്കരണം
- തദ്ദേശീയ മീനുകളുടെ സംരക്ഷണത്തിന് മൽസ്യസങ്കേതങ്ങൾ സ്ഥാപിക്കൽ
- മൽസ്യബന്ധന രീതികളിലെ ആധുനികീകരണം
- തണ്ണീർത്തട സംരക്ഷണ നയരൂപീകരണം, പ്രകൃതിലോല ആവാസ വ്യവസ്ഥകൾ, കണ്ടൽ, പവിഴപ്പുറ്റുകൾ എന്നിവയുടെ സംരക്ഷണം,
- ഭീഷണി നേരിടുന്ന മൽസ്യയിനങ്ങളുടെ പൊതുജനിതക ബാങ്ക് സ്ഥാപിക്കൽ
- ചെലവു കുറഞ്ഞ കൃഷി സാങ്കേതിക വിദ്യകളുടെ വികസനം
- പരിശീലനങ്ങളിലും ബോധവൽക്കരണത്തിലും പരസ്പര സഹകരണം
- സമൂഹ അധിഷ്ഠിത ഫിഷറീസ് പരിപാലനം